പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3224 07.11.2019 ൽ മറുപടിയ്ക്ക്

## അമ്പലമുകൾ സ്കൂളിലെ സ്ഥലം കൈമാറ്റം

**ചോദ്യം**

**ശ്രീ..വി.പി.സജീന്ദ്രൻ**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | അമ്പലമുകൾ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ സ്ഥലം കൈമാറ്റം നടത്തുന്നതിനായി സ്കൂൾ മുൻപ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെയും ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും മൂല്യനിർണയം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ ആയത് എത്രയാണെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) സ്കൂൾ പ്രവർത്തിച്ചിരുന്ന കുഴിക്കാട് ഏരിയയിലെ കെട്ടിടങ്ങൾക്ക് 64,42,485/-രൂപയും അമ്പലമുകൾ ഏരിയയിലെ കെട്ടിടങ്ങൾക്ക് 83,67,478/- രൂപയും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. പെരുമ്പാവൂർ ബിൽഡിംഗ്സ് സെക്ഷനിൽ നിന്നും പ്രസ്തുത കെട്ടിടങ്ങൾ അളന്ന് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ അനുവദിച്ചിരുന്നെങ്കിലും 20 ൽ അധികം വരുന്ന ടി കെട്ടിടങ്ങൾ ഭൂരിഭാഗവും ഓട് മേഞ്ഞവ ആയതിനാൽ മരഉരുപ്പടികൾ അളന്ന് തിട്ടപ്പെടുത്താൻ കാലതാമസം നേരിട്ടതും കെട്ടിടങ്ങൾക്ക് ചുറ്റും പുല്ലും കാടും നിറഞ്ഞിരുന്നതിനാൽ പുല്ല് വെട്ടി തെളിച്ച് അളവുകൾ എടുക്കുവാൻ കാലതാമസം നേരിട്ടതുമാണ് മൂല്യനിർണ്ണയം താമസിച്ചതിനുള്ള കാരണം. |
| (സി) | പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ? | (സി) പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ സ്കൂൾ അധികൃതർ സമർപ്പിക്കുകയും അത് പ്രകാരം തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിൽ വി.എച്ച്.എസ്.ഇ സ്കൂൾ അമ്പലമുകളിന് 7.65 കോടിയും ഹൈസ്കൂൾ അമ്പലമുകളിന് 21.45 കോടിയും നിർമ്മാണ ചിലവ് വരുന്നുണ്ട് എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ